**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **30-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാട്ടർമെട്രോ ടെർമിനലുകളുടെ നിർമാണം മൂലം നിർമാണം ആരംഭിക്കാൻ സാധിക്കാത്ത വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു :<br><br>1. കോതാട് - ചേന്നൂർ പാലം<br><br>2. ചേന്നൂർ – പിഴല പാലം<br><br><u>കോതാട് - ചേന്നൂർ പാലം</u><br><br>കടമക്കുടിയിലെ വാട്ടർ മെട്രോ ടെർമിനൽ നിർമ്മാണത്തിന് വേണ്ടി സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നും വിലയ്ക്ക് 13.6 സെന്റ് ഭൂമി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിരുന്നു. നിർദ്ദിഷ്ടപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നത് ജിഡ അഭ്യർത്ഥിച്ചിരുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട് ഗതാഗത (മെട്രോ) വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശിച്ചത് പ്രകാരം കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായി വരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും മൂല്യവും നിർണ്ണയിക്കുന്നതിനും എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജിഡ(Goshree Islands Development Authority)-യുടെ അഭിപ്രായം ആരായുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ച് വരികയാണ്.<br><br><u>ചേന്നൂർ – പിഴല പാലം</u><br><br>ചേന്നൂർ - പിഴല പാലം നിർമ്മാണത്തിന് വാട്ടർ മെട്രോ ക്ലിയറൻസ് ലഭ്യമാക്കുന്നതു സംബന്ധിച്ച് ജിഡ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ കൊച്ചി വാട്ടർ |

| | | | |
|---|---|---|---|
| | | | മെട്രോ ലിമിറ്റഡ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ജിഡയും കിഫ്ബിയും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പാലങ്ങൾക്കായി നിർദേശിക്കപ്പെട്ട അലൈൻമെന്റുകളിൽ വാട്ടർമെട്രോ ടെർമിനലുകളുടെ നിർമാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുള്ളതിനാൽ പാലം നിർമാണം സാധ്യമാവാത്ത പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർമെട്രോ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു :<br><br>1. കോതാട് - ചേന്നൂർ പാലം<br><br>2. ചേന്നൂർ – പിഴല പാലം<br><br><u>കോതാട് - ചേന്നൂർ പാലം</u><br><br>കടമക്കുടിയിലെ വാട്ടർ മെട്രോ ടെർമിനൽ നിർമ്മാണത്തിന് വേണ്ടി സ്വകാര്യ വ്യക്തികളിൽ നിന്നും പൊന്നും വിലയ്ക്ക് 13.6 സെന്റ് ഭൂമി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഏറ്റെടുത്തിരുന്നു. നിർദ്ദിഷ്ടപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നത് ജിഡ അഭ്യർത്ഥിച്ചിരുന്നു.<br><br>ഇതുമായി ബന്ധപ്പെട്ട് ഗതാഗത (മെട്രോ) വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശിച്ചത് പ്രകാരം കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായി വരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും മൂല്യവും നിർണ്ണയിക്കുന്നതിനും എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജിഡ(Goshree Islands Development Authority)-യുടെ അഭിപ്രായം ആരായുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ച് വരികയാണ്.<br><br><u>ചേന്നൂർ – പിഴല പാലം</u><br><br>ചേന്നൂർ - പിഴല പാലം നിർമ്മാണത്തിന് വാട്ടർ മെട്രോ ക്ലിയറൻസ് ലഭ്യമാക്കുന്നതു സംബന്ധിച്ച് ജിഡ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ